പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T2065 *17.06.2014*-ൽ മറുപടിക്ക്

ശബരി റെയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരി റെയിലിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; | (എ) | എറണാകുളം ജില്ലയിൽ ഒൻപത് കിലോ മീറ്റർ ദൂരം ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. അങ്കമാലി മുതൽ കാലടി സ്റ്റേഷൻ വരെയുള്ള Track linking പ്രവർത്തികൾ അതിന്റെ അന്തിമ ഘട്ടത്തിലാണ്. കാലടി സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. പെരിയാർ പാലത്തിന്റെ പൈലിംഗ് ജോലികൾ പൂർത്തിയാക്കി ശേഷിക്കുന്ന ജോലികൾ പുരോഗതിയിലാണ്.<br>കോട്ടയം ജില്ലയിലെ ജില്ലാ കളക്ടർ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്തു നിശ്ചയിച്ചതും റെയിൽവേ വിശദമായ സാങ്കേതിക പഠനത്തിന് വിധേയമാക്കുകയും ചെയ്ത അലൈൻമെന്റ് 11.02.2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടേയും റവന്യൂ-റെയിൽവേ ഉദ്യോഗസ്ഥരുടേയും യോഗത്തിൽ അന്തിമമായി അംഗീകരിക്കുകയുണ്ടായി. കൂടാതെ, ഇടുക്കി ജില്ലയിലെ അലൈൻമെന്റിനെ സംബന്ധിച്ച് ഉന്നയിക്കപ്പെട്ടിട്ടുള്ള പരാതി ജില്ലാ കളക്ടറും, റെയിൽവേ ഉദ്യോഗസ്ഥരും കൂടി സംയുക്തമായി പരിശോധന നടത്തി തീരുമാനം കൈക്കൊള്ളാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അങ്കമാലി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട റെയിൽപ്പാതയുടെ നിർമ്മാണം മൂലം മുറിഞ്ഞുപോയിട്ടുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | അങ്കമാലി നിയോജക മണ്ഡലത്തിലൂടെ കടന്നു പോകുന്ന നിർദ്ദിഷ്ട ശബരി റെയിൽ പാതയുടെ നിർമ്മാണം മൂലം മുറിഞ്ഞുപോയിട്ടുള്ള പൊതുമരാമത്ത് റോഡുകളിൽ 2 റെയിൽവേ മേൽപ്പാലം പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. |
| (സി) | അങ്കമാലി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട റെയിൽപ്പാതയുടെ അലൈൻമെന്റിൽ എവിടെയെല്ലാമാണ് മേൽപാലങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ; | (സി) | രണ്ട് മേൽപ്പാലങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. അങ്കമാലി - എയർപോർട്ട് (നായത്തോട്) റോഡ്, മറ്റൂർ (കാലടി) എയർപോർട്ട് റോഡ് എന്നിവിടങ്ങളിലാണ് മേൽപ്പാലങ്ങൾ പണിയാൻ നിർദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) | വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡിൽ വീതി കുറഞ്ഞതും സ്ഥലം ഏറ്റെടുക്കാൻ കഴിയാത്തതുമായ സ്ഥലത്ത് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മേൽപ്പാലം, റോഡിന്റെ രണ്ടാംഘട്ട വികസനപ്രവർത്തനങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അലൈൻമെന്റിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന എം.എൽ.എ.-യുടെ നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ഡി) | എയർപോർട്ട് റോഡിൽ ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മേൽപ്പാലം മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും. ടി യോഗത്തിൽ റെയിൽവേ അധികാരികളും, പഞ്ചായത്ത് അധികാരികളും ബഹു. എം.എൽ.എയും പങ്കെടുത്തിരുന്നു. ടി യോഗത്തിൽ പാലത്തിന്റെ പണി രണ്ട് മാസത്തേയ്ക്ക് നിർത്തിവെയ്ക്കുന്നതിനും, രണ്ട് മാസത്തിനുള്ളിൽ പുതിയ റോഡിന്റെ അനുമതി ലഭിക്കുകയാണെങ്കിൽ ഇപ്പോൾ നിർദ്ദേശിച്ച പാലം പുതിയ റോഡിൽ പണിയുന്നതിനും, രണ്ട് മാസത്തിനുള്ളിൽ അനുമതി ലഭിച്ചില്ലെങ്കിൽ ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് തന്നെ പാലം പണിയുന്നതിനും തീരുമാനിച്ചിരുന്നു.<br>എന്നാൽ സാങ്കേതികമായ കാരണങ്ങളാൽ മേൽ നിദ്ദേശിച്ച സ്ഥലത്ത് മേൽ പാലം നിർമ്മിക്കാൻ കഴിയാത്തതിനാലും |

| | | | |
|---|---|---|---|
| | | | കൂടാതെ ടി നിർമ്മാണത്തിന് അനുമതി ലഭിക്കാത്തതിനാലും നേരത്തെ റെയിൽവേ നിശ്ചയിച്ച നായത്തോട് എയർപോർട്ട് റോഡിൽ മേൽ പാലം നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ